# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1125** **30.11.2018-ൽ മറുപടിയ്ക്ക്**

**<u>വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന</u>**

**<u>ചോദ്യം</u>**

**ശ്രീ.ഹൈബി ഈഡൻ**

(എ) ബീവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റ് വഴി വിദേശ നിർമ്മിത വിദേശ മദ്യം, വൈൻ എന്നിവ വിൽക്കുന്നതിനായി എത്ര സ്ഥാപനങ്ങൾക്കാണ് ഇറക്കുമതി ലൈസൻസ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

ബി) വിദേശ നിർമ്മിത വിദേശ മദ്യം, വൈൻ എന്നിവ ഇറക്കുമതി ചെയ്യുന്നതിന് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്;

**<u>ഉത്തരം</u>**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

എ യും ബി യും

വിദേശ നിർമ്മിത വിദേശമദ്യം, വൈൻ എന്നിവ ഇറക്കുമതി ചെയ്യുന്നതിന് 17 സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ. നം. | കമ്പനിയുടെ പേര് | FMFL / FMW |
|---|---|---|
| 1 | വിൻ സൂപ്പർ ഫുഡ്സ് | FMW |
| 2 | ബക്കാർഡി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | FMFL |
| 3 | ബക്കാർഡി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 4 | ബ്രിൻഡ്കോ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 5 | യുണൈറ്റഡ് സ്പിരിറ്റ്സ് | FMFL |
| 6 | ഇംപീരിയൽ ബിവറേജസ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് | FMFL |
| 7 | എം & ബി അസ്സോസിയേറ്റ്സ് | FMW |
| 8 | എം & ബി അസ്സോസിയേറ്റ്സ് | FMFL |
| 9 | ജെ.എൻ.എം. ട്രേയ്ഡേഴ്സ് | FMFL |
| 10 | ആസ്പ്രി സ്പിരിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | FMFL |
| 11 | ആസ്പ്രി സ്പിരിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | FMW |

| | | |
|---|---|---|
| 12 | ഫെയർമാക്സ് ഷിപ്പ് സ്റ്റോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | FMFL |
| 13 | ഫെയർമാക്സ് ഷിപ്പ് സ്റ്റോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 14 | വർദ്ധിനി പാക്കിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 15 | സ്പിരിറ്റ്സ് ഇന്റർ നാഷണൽ | FMFL |
| 16 | ഇൻഡോ സ്പിരിറ്റ്സ് ഡിസ്ട്രിബ്യൂഷൻ ലിമിറ്റിഡ് | FMFL |
| 17 | ഇൻഡോ സ്പിരിറ്റ്സ് ഡിസ്ട്രിബ്യൂഷൻ ലിമിറ്റിഡ് | FMW |

സി) ഇക്കാര്യത്തിനായി അബ്കാരി നിയമത്തിൽ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടോ;

സി) ഉണ്ട്

ഡി) ലൈസൻസിന് അപേക്ഷിക്കുന്നതിന് ആദ്യം നിശ്ചയിച്ച സമയപരിധി ഏത് തീയതി വരെയായിരുന്നു; ആയത് പിന്നീട് ദീർഘിപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

ഡി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 28.02.2018-ലെ KSBC/MD/140/FMFL/2018-19 നമ്പർ വിജ്ഞാപനപ്രകാരം ഇ-ടെൻഡറുകൾ സമർപ്പിക്കേണ്ട അവസാന തീയതി 22.03.2018 ആയിരുന്നു. വിദേശ നിർമ്മിത വിദേശ മദ്യത്തിനും വിദേശ നിർമ്മിത വൈനിനും ബാധകമാക്കേണ്ട നികുതിയെയും തീരുവയെയും കുറിച്ചുള്ള 2018-ലെ ഫിനാൻസ് ബിൽ അംഗീകരിക്കാൻ വൈകിയതിനാലും, വിദേശ നിർമ്മിത വിദേശ മദ്യ ടെൻഡറുകളിൽ പങ്കെടുത്തവരുടെ അഭ്യർത്ഥനയും പരിഗണിച്ച് കെ.എസ്.ബി.സി ഡയറക്ടർ ബോർഡ് ഓഫറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 10.04.2018 വരെ ദീർഘിപ്പിച്ചിരുന്നു.

ഇ) എത്രയിനം വിദേശ നിർമ്മിത വിദേശമദ്യം ഇറക്കുമതി ചെയ്യുന്നതിനാണ് ലൈസൻസ് നൽകിയിട്ടുള്ളത്;

ഇ) 227 ബ്രാൻഡ്

എഫ്) ഒരു വർഷം എത്ര കോടി രൂപയുടെ വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പനയാണ് പ്രതീക്ഷിക്കുന്നത്;

എഫ്) 60 കോടി രൂപ

ജി) ഈ നടപടി ഇടതുപക്ഷ മുന്നണിയുടെ

ജി) വിദേശ നിർമ്മിത വിദേശമദ്യവും വിദേശ നിർമ്മിത

| | |
|---|---|
| പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനത്തിന് അനുസൃതമായിട്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | വൈനും അനധികൃതമായി കച്ചവടം നടക്കുന്നതായി വലിയ തോതിൽ ആക്ഷേപം ലഭിച്ചിരുന്നു. ഇത് സംസ്ഥാന സർക്കാരിന് വരുമാന നഷ്ടം ഉണ്ടാക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ വിദേശ നിർമ്മിത വിദേശമദ്യവും വിദേശ നിർമ്മിത വൈനും ഇറക്കുമതി ചെയ്ത് വിതരണം നടത്തുവാനുള്ള താൽപ്പര്യം കെ.എസ്.ബി.സി പ്രകടിപ്പിച്ചതുകൂടി പരിഗണിച്ചാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തത്. 2018-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇക്കാര്യം പരാമർശിച്ചിരുന്നു.<br><br>മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ടുമാത്രം ഉപഭോഗം കുറയില്ല എന്നും ആവശ്യകത ഇല്ലാതാക്കിയാൽ മാത്രമേ ഉപഭോഗം കുറയൂ വെന്നുമുള്ള നിലപാടിനനുസൃതമായി മദ്യവർജ്ജനം ഒരു നയമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആയതിനനുസൃതമായി ഉത്തരവായ അബ്കാരി നയത്തിൽ വിദേശമദ്യചട്ടം അനുവദിച്ച നൽകുന്ന ബിയർ & വൈൻ പാർലറുകൾ ഉൾപ്പെടെയുള്ള മറ്റ് ലൈസൻസുകൾ നിയമമനുസരിച്ച് അർഹതയുള്ളവർക്ക് തുടർന്ന് അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിനനുസൃതമായാണ് ഇക്കാര്യത്തിലും നടപടി സ്വീകരിച്ചിട്ടുള്ളത്. |

Suthesh

**സെക്ഷൻ ഓഫീസർ**